# 6th India-Indonesia Foreign Office Consultations

June 25, 2021

## 6 മത് ഘട്ട -ഇൻഡോനേഷ്യ ഫോറിൻ കൺസൾട്ടേഷനുകൾ

ജൂൺ 25, 2021

1. ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലുള്ള ആറാം ഘട്ട ഫോറിൻ ഓഫിസ് കൺസൾട്ടേഷനുകൾ (FOC) 2021 ജൂൺ 25 വിർച്ചൽ രീതിയിൽ നടന്നു.സെക്രട്ടറി (ഈസ്റ്റ്) മിസ്. റിവ ഗാംഗുലി ദാസ് ഇന്ത്യൻ വിഭാഗത്തെയും വിദേശമന്ത്രാലയത്തിലെ ഏഷ്യ പസഫിക് ആഫ്രിക്ക ഡയറക്ടർ ജനറൽ ശ്രീ അബ്ദുൽ കാദിർ ജൈലാനി ഇൻഡോനേഷ്യൻ വിഭാഗത്തെയും നയിച്ചു. ഇതിനു മുൻപുള്ള കൺസൾട്ടേഷനുകൾ 2019 ജനുവരി 22 ന് ഇൻഡോനേഷ്യയിലെ യൊഗ്യകർതയിൽ നടന്നു.

2. സമഗ്രമായ നയതന്ത്ര പങ്കാളിത്ത ചട്ടക്കൂടിനു കീഴിലുള്ള ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ മേഖലകളെയും ഇരുരാജ്യങ്ങളും അവലോകനം ചെയ്തു. രാഷ്ട്രീയം, പ്രതിരോധം, സുരക്ഷ, നയതന്ത്ര -സാമ്പത്തിക, സാംസ്കാരിക മേഖലകൾ ഉൾപ്പെടെ വിവിധ മേഖലകളിലെ സഹകരണം ചർച്ച ചെയ്യപ്പെട്ടു. വ്യക്തിഗത സമ്പർക്കം പുലർത്തുന്നതിനെക്കുറിച്ചും ഇന്തോ-പസഫിക്ക് മാരിടൈം കോർപറേഷന്റെ പങ്കിട്ട ദർശനം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും അവർ അഭിപ്രായങ്ങൾ കൈമാറി.

3. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളും ഇരുപക്ഷവും ചർച്ച ചെയ്തു. ഇന്ത്യയുമായും , ഇന്തോ-പസഫിക് ഓഷ്യൻസ് ഇനിഷ്യേറ്റീവ് (IPOI), ബഹുരാഷ്ട്ര സഹകരണം, അന്താരാഷ്ട്ര സൗരസഖ്യം (ISA), കോളിഷൻ ഫോർ ഡിസാസ്റ്റർ റീസൈലന്റ് ഇൻഫ്രാസ്ട്രക്ചർ (CDRI) എന്നിവയും ASEAN ഉം തമ്മിലുള്ള സഹകരണവും ഇതിൽ ഉൾപ്പെടുന്നു.

4. സൗഹാർദ്ദപരവും ഊഷ്മളവുമായ അന്തരീക്ഷത്തിലാണ് ചർച്ച നടന്നത്. അടുത്ത കൺസൾട്ടേഷനുകൾ പരസ്പരം സൗകര്യപ്രദമായ തീയതിയിൽ നടത്താൻ ഇരുപക്ഷവും സമ്മതിച്ചു.

ന്യൂ ഡൽഹി

ജൂൺ 25, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.